**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5093** **20-07-2022 - ൽ മറുപടിയ്ക്ക്**

**ചേർത്തല താലൂക്കിലെ റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചേർത്തല താലൂക്കിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (എ) | ചേർത്തല താലൂക്കിൽ അരൂകുറ്റി, പെരുമ്പളം, തണ്ണീർമുക്കം തെക്ക്, തണ്ണീർമുക്കം വടക്ക്, ചേർത്തല തെക്ക്, കഞ്ഞിക്കുഴി, മാരാരിക്കുളം, കൊക്കോതമംഗലം എന്നീ 8 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ അർത്തുങ്കൽ വില്ലേജിന്റെ പകുതിയും റീസർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | റീസർവ്വേ നടന്ന വില്ലേജുകളിൽ റീസർവ്വേയുമായി ബന്ധപ്പെട്ട് എത്ര പരാതികൾ പരിഹരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 2022 ജൂൺ മാസം വരെ ആകെ 5651 റീസർവ്വെ അദാലത്ത് അപേക്ഷകൾ കുടിശ്ശികയായി ഉണ്ട്. ഇതിൽ 4200 അപേക്ഷകൾ സമീപകാലത്ത് റീസർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ കൊക്കോതമംഗലം വില്ലേജുമായി ബന്ധപ്പെട്ടതാണ്. |
| (സി) | റീസർവ്വേയുമായി ബന്ധപ്പെട്ട് സർവ്വേയർമാരെ സഹായിക്കുന്നതിനും റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ക്ലർക്കുമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | ചേർത്തല താലൂക്കിലെ സർവ്വെ വിഭാഗത്തിൽ നിലവിൽ 3 ക്ലാർക്കുമാരുടെ സേവനം ലഭ്യമാണ്. ലഭ്യമായ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി പരാതിക്ക് ഇടവരുത്താത്ത വിധം അപേക്ഷകളുടെ മുൻഗണന ക്രമത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ